# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 ഏപ്രിൽ 10, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാം വാർഷിക പദ്ധതി</u>

*331 ശ്രീ. എം. ചന്ദ്രൻ
,, എം. ഹംസ
ശ്രീമതി കെ. കെ. ലതിക
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ രണ്ടാം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സ്പിൽ ഓവർ പ്രോജക്ടുകളും അവയ്ക്ക് ആവശ്യമായി വേണ്ടി വരുന്ന തുകയും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള 2013-14 വർഷത്തേക്കുള്ള വാർഷിക പദ്ധതി പുതുക്കി തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; രണ്ടാം വാർഷിക പദ്ധതിയും സ്പിൽ ഓവർ പദ്ധതിയും ഉൾപ്പെടെ ഈ വർഷത്തെ മൊത്തം പദ്ധതി തുക എത്ര;

**കേരള നിയമസഭ**
**10.04.2013–ലെ മറുപടിക്ക്**

(സി) 2013–14 വാർഷിക പദ്ധതിയുടെ അംഗീകാരം നൽകലും നിർവ്വഹണവും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യവിളകളുടെ ഉൽപാദനക്ഷമത</u>

*332 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' എ. പ്രദീപ്കുമാർ
'' കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവിളകളുടെ ഉൽപ്പാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വില സ്ഥിരത ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഉൽപാദന മേഖല നേരിടുന്ന പ്രമുഖമായ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തുകയുണ്ടായോ; വിശദമാക്കാമോ; ഇതിനുള്ള പ്രതിവിധികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>കാര്‍ഷികരംഗത്ത് പുത്തന്‍ സാങ്കേതിക വിദ്യ</u>

*333 ശ്രീ. പി. കെ. ഗുരുദാസന്‍
,, എ. കെ. ബാലന്‍
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശാസ്ത്ര സാങ്കേതികരംഗത്ത് ഉണ്ടാകുന്ന മുന്നേറ്റങ്ങളുടെ ഗുണഫലം സംസ്ഥാനത്തെ കര്‍ഷകര്‍ക്ക് മിതമായ ചെലവില്‍ പൂര്‍ണ്ണമായി അനുഭവവേദ്യമാക്കാന്‍ സാധ്യമായിട്ടുണ്ടോ;

(ബി) ഇതിനായി ബയോടെക്നോളജി, സങ്കര ഇനം വിത്ത് ഉല്പാദനം തുടങ്ങിയ പുത്തന്‍രംഗങ്ങളില്‍ മുതല്‍ മുടക്കാന്‍ തയ്യാറാകുമോ;

(സി) ഈ ദിശയിലുള്ള പദ്ധതികള്‍ക്ക് രൂപം നല്‍കുകയുണ്ടായോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>സഹസ്ര സരോവർ പദ്ധതി</u>

*334 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 'സഹസ്ര സരോവർ' പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം മാനദണ്ഡങ്ങളാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റുകൾ</u>

*335 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വൻകിട പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>വൃക്കരോഗികൾക്കായി പെൻഷൻ പദ്ധതി</u>

*336 ശ്രീ. ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാമിഷൻ വൃക്കരോഗികൾക്കായി പെൻഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വൃക്കരോഗികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഗ്രീൻ ടെക്നോളജി സെന്റർ</u>

*337 ശ്രീ. എ. റ്റി. ജോർജ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഗ്രീൻടെക്നോളജി സെന്റർ സ്ഥാപിക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>ഗ്രാമവികസന പദ്ധതികൾ</u>

*338 ശ്രീ. സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമ വികസന പദ്ധതികൾ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) 12-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഈ മേഖലയ്ക്ക് എത്ര മാത്രം പ്രാധാന്യം നൽകിയിട്ടുണ്ട്;

(സി) ഗ്രാമവികസന പദ്ധതികളുടേയും കേന്ദ്ര സഹായ പദ്ധതികളുടേയും നടത്തിപ്പിനായി ഫലപ്രദമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഒന്നാം വാർഷിക പദ്ധതി</u>

*339 ശ്രീ. എ. കെ. ബാലൻ
,, എ. പ്രദീപ്കുമാർ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഒന്നാം വാർഷിക പദ്ധതിപ്രകാരം ആസൂത്രണ സമിതികൾ അംഗീകാരം നൽകിയ എല്ലാ പദ്ധതികളുടെയും നിർവ്വഹണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഒന്നാം വാർഷിക പദ്ധതി കാലത്തു തന്നെ പദ്ധതികൾ പൂർത്തിയാക്കി, പൂർത്തീകരണ പത്രം സുലേഖാ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി നടത്തിയവ മൊത്തം പദ്ധതികളുടെ എത്ര ശതമാനം ;

(സി) പദ്ധതി നിർവ്വഹണം ഇപ്പോഴും പൂർത്തിയായിട്ടില്ലാത്തവ ഉണ്ടോ ; വിശദമാക്കാമോ ;

(ഡി) ഒന്നാം വാർഷിക പദ്ധതി നിർവ്വഹണത്തിൽ പരാജയം ഉണ്ടായിട്ടുണ്ടോ; എങ്കിൽ സാഹചര്യം എന്തായിരുന്നു ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>മൊബൈൽ അഗ്രോ ക്ലിനിക്കുകൾ</u>

*340 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ മൊബൈൽ അഗ്രോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം; ഏതെല്ലാം മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ക്ലിനിക്കുകളിലൂടെ എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക മേഖലയിൽ അപ്രതീക്ഷിതമായുണ്ടാകുന്ന കീടരോഗബാധകൾ കണ്ടെത്തി തടയുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കീടരോഗ നിരീക്ഷണ കേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

തൊഴിലുറപ്പു പദ്ധതിയുടെ ഭൗതികലക്ഷ്യം

*341 ശ്രീ. എം. വി. ശ്രേയാംസ്കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ 2013-14-ലെ ഭൗതിക ലക്ഷ്യം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഭൗതികലക്ഷ്യം കൈവരിക്കുന്നതിനായി ആവിഷ്ക്കരിച്ചിരിക്കുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

ഗ്രന്ഥശാലകളെ ഏറ്റെടുത്ത് പുനരാവിഷ്ക്കരിക്കുന്ന പദ്ധതി

*342 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ മുൻകാലത്ത് പ്രധാന സാംസ്കാരിക കേന്ദ്രങ്ങളായിരുന്നതും, മാറിയ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചുപോയതുമായ ഗ്രന്ഥശാലകളെയും, റീഡിംഗ് റൂമുകളെയും, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത് പുനരാവിഷ്ക്കരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(ബി) സർക്കാരിന്റെ വികസന പരിപാടികളെയും, ഗ്രാമീണ പദ്ധതികളെയും കുറിച്ച് ഗ്രാമീണ മേഖലയിൽ അറിവും ശക്തിയും പകരുന്നതിന് ഇത്തരം കേന്ദ്രങ്ങൾ ഉപകരിക്കുമെന്ന വസ്തുത പരിശോധിക്കുമോ;

(സി) പ്രവർത്തനം നിലച്ച് പൂട്ടിക്കിടക്കുന്ന ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തുമോ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>മണ്ണ് പരിശോധന</u>

*343 ശ്രീ. അൻവർ സാദത്ത്
,, വർക്കല കഹാർ
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണ് പരിശോധന നടത്തി കൃത്യമായ അളവിൽ വളപ്രയോഗം നടത്തുന്നതിനും മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

മൃഗകോശങ്ങൾ നിർമ്മിക്കുന്ന പദ്ധതി

*344 ശ്രീ. കെ. അജിത്
,, സി. ദിവാകരൻ
,, കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൃദയ ശസ്ത്രക്രിയയിൽ ഉപയോഗിക്കാൻ കഴിയുന്ന രാസപ്രക്രിയയ്ക്ക് വിധേയമാക്കിയ മൃഗകോശങ്ങൾ നിർമ്മിക്കുന്ന ഒരു പദ്ധതിയ്ക്ക് കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡും, ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്ററും രൂപം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത പദ്ധതിയ്ക്ക് രൂപം നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ കോശങ്ങൾ ഫാമുകളിൽ വളർത്തുന്ന മൃഗങ്ങളിൽ നിന്നും വേർതിരിച്ചെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>ആധുനിക സംവിധാനങ്ങളുള്ള അറവുശാലകൾ</u>

*345 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക സംവിധാനങ്ങളുള്ള അറവുശാലകളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറവുശാലകളിലെ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും സ്വകാര്യവ്യക്തികളുടെ പറമ്പുകളിലും ജലാശയങ്ങളിലും തള്ളപ്പെടുന്നതുമൂലമുള്ള പാരിസ്ഥിതിക–ആരോഗ്യപ്രശ്നങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) അനധികൃത കശാപ്പ് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ആധുനിക സംവിധാനങ്ങളുള്ള അറവുശാലകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>സംയോജിത പുരയിട കൃഷി</u>

*346 ശ്രീ. കെ. വി. വിജയദാസ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരയിട കൃഷിയ്ക്ക് അർഹമായ പരിഗണന നൽകുന്നതിനും ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും തയ്യാറാകുമോ ;

(ബി) ഇവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏതെല്ലാം നിലയിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ ;

(സി) ഏതെങ്കിലും സംയോജിത പുരയിട കൃഷി മാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) ഇത് കർഷകർക്കിടയിൽ വ്യാപിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>മാതൃഭാഷയുടെ സംരക്ഷണത്തിനായി പദ്ധതി</u>

*347 ശ്രീ. എം. എ. ബേബി
,, ജി. സുധാകരൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷയേയും അതിലെ പ്രാദേശിക തനിമകളേയും സംരക്ഷിക്കാനും അതിന്റെ വ്യാപനത്തിനുമായി എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഏകീകൃത ടൗൺ ആന്റ് കൺട്രിപ്ലാനിംഗ് നിയമം</u>

*348 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) മേല്പറഞ്ഞ ആവശ്യത്തിലേക്കായി നിയമനിർമ്മാണം നടത്തുന്നത് പരിഗണിക്കുമോ;

(ഡി) ഇതു സംബന്ധിച്ച നിയമനിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>തോട്ടം മേഖലയിലെ ഉൽപാദനക്ഷമത വർദ്ധനവ്</u>

*349 ശ്രീ. രാജു എബ്രഹാം
,, സാജു പോൾ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായുള്ള മുൻവർഷത്തെ പദ്ധതി അടങ്കലും ചെലവഴിക്കപ്പെട്ട തുകയും വെളിപ്പെടുത്താമോ;

(സി) തോട്ടവിളകളുടെ വില സ്ഥിരത ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളും വികസന പ്രവർത്തനങ്ങളും**

*350 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളും വികസനപ്രവർത്തനങ്ങളും സ്വകാര്യവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സേവനങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തം (പി.പി.പി) വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

## സൗദി അറേബ്യയിലെ തൊഴിൽപ്രശ്നം

*351 ശ്രീ. പി. കെ. ബഷീർ
,, പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശവാസികൾക്കു തൊഴിൽ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ചെറുകിട ാണിജ്യ-വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികളുടെ കാര്യത്തിൽ സൗദി അറേബ്യൻ സർക്കാർ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പോകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇതുമൂലം ഏറ്റവും ഗുരുതരമായ തൊഴിൽപ്രശ്നങ്ങൾ നേരിടേണ്ടിവരുന്നത് കേരളത്തിൽനിന്നുള്ള താഴിലാളികൾക്കാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(സി) തൊഴിൽരഹിതരാകേണ്ടിവരുന്ന വിദേശമലയാളികളുടെ പ്രശ്നം പരിഹരിക്കാനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ അടിയന്തിരവിവരശേഖരണത്തിനും, പരിഹാര നടപടികളെക്കുറിച്ചുള്ള കൂടിയാലോചനയ്ക്കും തയ്യാറാകുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>കാര്‍ഷികോല്പന്നങ്ങളുടെ വിലസ്ഥിരത</u>

*352 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ഇ. പി. ജയരാജന്‍
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ കാര്‍ഷികോല്പന്നങ്ങളുടെയും വിലസ്ഥിരത ഉറപ്പാക്കാന്‍ നടപടി സ്വീകരിക്കുമോ;

(ബി) കൃഷിക്കാര്‍ക്ക് എത്ര ശതമാനം ലാഭം ഉറപ്പാക്കിക്കൊണ്ടുള്ള താങ്ങുവിലയാണ് ഓരോ ഉല്പന്നങ്ങളുടെയും കാര്യത്തില്‍ ഉറപ്പാക്കാന്‍ സാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും കാര്‍ഷികോല്പന്നങ്ങളുടെ മൂല്യവര്‍ദ്ധിത ഉല്പന്നങ്ങള്‍ നിര്‍മ്മിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യയുടെ വ്യാപനം ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കില്‍ ഇത്തരം സാങ്കേതിക വിദ്യയുടെ വ്യാപനത്തിനും വിപണന സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

പാലിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

*353 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലിൽ നിന്നും ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിനും കയറ്റുമതിക്കുമായി എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സഹകരണ ക്ഷീരോൽപാദന യൂണിറ്റുകളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) എന്തെല്ലാം മൂല്യവർദ്ധിത ഉൽപന്നങ്ങളാണ് ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് ഇതിനുവേണ്ടി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>കര്‍ഷകരുടെ ഡാറ്റാബേസ്</u>

*354 ശ്രീ. ജോസഫ് വാഴക്കന്‍
,, എം. എ. വാഹീദ്
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകരുടെ ഡാറ്റാബേസ് തയ്യാറാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍, വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികള്‍ വഴിയാണ് ഇതു നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>തോട്ടവിള ഭൂമിയുടെ ഉപയോഗം</u>

*355 ശ്രീ. കെ. രാധാകൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, ആർ. രാജേഷ്
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടവിള ഭൂമിയുടെ അഞ്ചു ശതമാനം ഭൂമി ഔഷധസസ്യ-പച്ചക്കറി പൂന്തോട്ട കൃഷികൾക്കും ടൂറിസത്തിനും ഉപയോഗിക്കാൻ അനുമതി നൽകിക്കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി വികസനത്തിന്റെ പേരിൽ കൊണ്ടുവന്ന പ്രസ്തുത വ്യവസ്ഥ മൂലം എത്ര ഏക്കർ തോട്ടഭൂമി ഭൂപരിധി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്ന് അറിയാമോ;

(സി) റവന്യൂ വകുപ്പ് ഇത്തരം തോട്ടഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ കൃഷി വകുപ്പിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ ഒഴിവാക്കപ്പെട്ട തോട്ടഭൂമിയിൽ മേല്പറഞ്ഞ കൃഷികൾ ഓരോന്നും എത്ര ഏക്കറിൽ വീതം പുതുതായി ചെയ്തിട്ടുണ്ടെന്ന കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>ജനപഥത്തിന്റെ രജിസ്ട്രേഷൻ നഷ്ടപ്പെട്ട സാഹചര്യം</u>

*356 ശ്രീ. റ്റി. വി. രാജേഷ്
,, എം. എ. ബേബി
,, പുരുഷൻ കടലുണ്ടി
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളത്തിൽ പ്രസിദ്ധീകരിച്ചുവരുന്ന മുഖമാസികയായ 'ജനപഥ'ത്തിന്റെ രജിസ്ട്രേഷൻ നഷ്ടപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനിടയായ സാഹചര്യം വ്യക്തമാക്കാമോ; ഇതിനുത്തരവാദികളായ ആരുടെയെല്ലാം പേരിൽ നടപടി സ്വീകരിക്കുകയുണ്ടായി;

(സി) 'ജനപഥ'ത്തിന്റെ രജിസ്ട്രേഷൻ നഷ്ടപ്പെട്ടതിനാൽ പുതിയ പേരിൽ മുഖമാസിക പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സർക്കാരിന്റെ മുഖമാസികയുടെ രജിസ്ട്രേഷൻ നഷ്ടപ്പെടുക വഴി എന്തെല്ലാം നഷ്ടങ്ങളാണ് സംസ്ഥാനത്തിന് നേരിട്ടതെന്നറിയാമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>മാർക്കറ്റുകളുടെ നവീകരണം</u>

*357 ശ്രീ. എം. ഉമ്മർ
,, കെ. എൻ. എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ മാർക്കറ്റുകൾ നവീകരിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മാർക്കറ്റുകളിലെ മാലിന്യങ്ങളും മലിനജലവും സംസ്കരിക്കാൻ കാര്യക്ഷമമായ സംവിധാനം എല്ലാ മാർക്കറ്റുകളിലും ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ;

(സി) ശുചിത്വവും ആധുനിക സൗകര്യങ്ങളുള്ളതുമായ ഉപഭോക്തൃ സൗഹൃദ മാർക്കറ്റുകൾ എല്ലാ നഗരങ്ങളിലും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി</u>

*358

പ്രൊഫ. സി രവീന്ദ്രനാഥ്
ശ്രീ. കെ. ദാസൻ
,, വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളും പഞ്ചവത്സര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകേണ്ട അവസാന തീയതി എന്നായിരുന്നു;

(സി) പഞ്ചവത്സര പദ്ധതി തുകയുടെ എത്ര ശതമാനം തുക ഒന്നാം വാർഷിക പദ്ധതികാലത്ത് യഥാർത്ഥത്തിൽ ചെലവഴിക്കുകയുണ്ടായി; അടങ്കൽ എത്രയായിരുന്നു;

(ഡി) രണ്ടാം വാർഷിക പദ്ധതിയുടെ പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടാനുള്ള അവസാന തീയതി എന്നായിരുന്നു; അത് നീട്ടിക്കൊടുത്തിട്ടുണ്ടോ; എത്ര ശതമാനം തദ്ദേശസ്ഥാപനങ്ങൾ കാലാവധിക്കുമുമ്പ് പ്രോജക്ടുകൾക്ക് അനുമതി നേടുകയുണ്ടായി; വിശദമാക്കാമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയുടെ വ്യാപ്തി</u>
<u>വിപുലപ്പെടുത്താൻ നടപടി</u>

*359 ശ്രീ. സി. കെ. സദാശിവൻ
ശ്രീമതി കെ. കെ. ലതിക
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ വ്യാപ്തി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണ്; ഫലപ്രാപ്തി ഉണ്ടായിട്ടുണ്ടോ;

(ബി) അനുവദനീയമായ പ്രവൃത്തികളുടെ കൂട്ടത്തിൽ ഭവനങ്ങളുടെയും ആവാസ സ്ഥലങ്ങളുടെയും വികസന പ്രവർത്തനം, തീരദേശ സംരക്ഷണ പരിപാടികൾ, മാലിന്യ നിർമ്മാർജ്ജനം, പരമ്പരാഗത തൊഴിലുകൾ തുടങ്ങിയവ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ജോബ് പോർട്ടൽ</u>

*360 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ കീഴിൽ ആരംഭിച്ച ജോബ് പോർട്ടലിന്റെ സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതിനകം വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ പ്രസ്തുത പദ്ധതി മുഖേന സാധിച്ചു;

(സി) ഇതിന്റെ പ്രവർത്തനം ഏതെല്ലാം നിലയിൽ വിപുലപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഏപ്രിൽ 1.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്**</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].